"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - **ഓപ്പറേഷൻ പഞ്ചികിരൺ-2** - പൂവാർ സബ് രജിസ്ട്രാരാഫീസിൽ 15/12/2022-ന് വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - ഹെഡ് ക്ലർക്ക് ശ്രീ.മനു.ജെ.എസ്, ഓഫീസ് അറ്റന്റന്റ് ശ്രീ.രാജുകൃഷ്ണൻ.കെ.ജെ എന്നിവർക്കെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.489/2024/TAXES തീയതി,തിരുവനന്തപുരം, 09-06-2024

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24/04/2023-ലെ ഇ2-(എസ് സി-145/2022/റ്റി വി എം) 50020/2022/ഡിവിഎസിബി നമ്പർ കത്ത്.
2. ശ്രീ.മനു.ജെ.എസ്, ശ്രീ.രാജുകൃഷ്ണൻ.കെ.ജെ എന്നിവർക്കു നൽകിയ 28/10/2023-ലെ ഇ1/179/2023-നികുതി നമ്പർ കുറ്റപത്രം.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 03/02/2024-ലെ ഐജിആർ/5542/2023-ഇ9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ ആധാരമെഴുത്തുകാരെ സമീപിക്കുമ്പോൾ മുദ്ര പത്രത്തിന്റെ വിലയും എഴുത്ത് കൂലിയും കൂടാതെ വസ്തുവിന്റെ വില കുറച്ച് കാണിച്ച് സർക്കാരിന് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി കുറച്ച് അതിൽ ഒരു ഭാഗം തുക കക്ഷികളിൽ നിന്നും സ്വീകരിച്ച് ഓഫീസ് പ്രവർത്തന സമയം കഴിഞ്ഞ ശേഷം ഓഫീസിനകത്തോ സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലത്തോ വച്ച് സബ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാർക്ക് നൽകുന്നുവെന്നും മറ്റുമുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ V&ACB തിരുവനന്തപുരം യൂണിറ്റ് 15.12.2022-ന് പൂവാർ സബ് രജിസ്ട്രാർ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേട് കണ്ടെത്തിയതായി പരാമർശം (1) പ്രകാരം വിജിലൻസ് റിപ്പോർട്ട് ചെയ്യുകയുണ്ടായി;

*പൂവാർ സബ് രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ലർക്ക് ശ്രീ.മനു ജെ.എസ്. - ന്റെയും, ഓഫീസ് അറ്റൻഡന്റ് ശ്രീ.രാജു കൃഷ്ണൻ കെ.ജെ. - യുടേയും കൈവശം ടിയാൻമാർ 15.12.2022-ൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നതിന് വിരുദ്ധമായി അധികമായി കണ്ടെത്തിയ 850/-, 870/- രൂപയുടെ ആധികാരികത സംബന്ധിച്ച് കൃത്യമായ വിവരം നൽകുന്നതിന് ടിയാന്മാർക്ക് സാധിച്ചില്ല.*

2) വിജിലൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മേൽ ക്രമക്കേടിനുത്തരവാദികളായ ഹെഡ് ക്ലർക്ക് ശ്രീ.മനു ജെ.എസ്. ഓഫീസ് അറ്റൻഡന്റ് ശ്രീ.രാജുകൃഷ്ണൻ കെ.ജെ. എന്നിവർക്കെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം

അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും കുറ്റാരോപണമെമ്മോയ്ക്ക് ടിയാൾക്കാർ സമർപ്പിച്ച പ്രതിവാദപത്രിക പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുമുണ്ടായി.

3) ടി ദിവസം രാവിലെ ഡ്യൂട്ടിയിൽ പ്രവേശിച്ചിരുന്ന ടിയാൻ കൈവശമുണ്ടായിരുന്ന തുക പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നതും ടി തുകയിൽ ഒരു വിധത്തിലുള്ള ക്രമക്കേടുകളോ, വൈരുദ്ധ്യങ്ങളോ കണ്ടെത്തുകയോ ആക്ഷേപമുന്നയിക്കുകയോ ചെയ്തിട്ടില്ലെന്നും ഹെഡ് ക്ലർക്ക് ശ്രീ.മനു ജെ.എസ്. ബോധിപ്പിക്കുകയുണ്ടായി. ടിയാൻ ENT സംബന്ധിച്ച (Tongue Cancer) കാൻസർ രോഗിയാണെന്നും, ചികിത്സയുടെ ഭാഗമായി തുടർച്ചയായി കഴിക്കുന്ന മരുന്നുകൾ നാട്ടിൻ പുറത്തുള്ള മെഡിക്കൽ സ്റ്റോറിൽ കിട്ടാറില്ലാത്തതിനാൽ ആഫീസിനടുത്തുള്ളതും, പരിചയമുള്ളതുമായ മെഡിക്കൽ സ്റ്റോറിൽ പ്രിസ്ക്രിപ്ഷനും ക്യാഷും ഏൽപിക്കുമെന്നും, ടി മെഡിക്കൽ സ്റ്റോറിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് മരുന്നു വാങ്ങാൻ പോകുമ്പോൾ ടിയാനും മരുന്ന് വാങ്ങി നൽകാറുണ്ടെന്നും, 15/12/2022-ന് രാവിലെ മെഡിക്കൽ സ്റ്റോറിൽ പ്രിസ്ക്രിപ്ഷനും 1000/- രൂപയും ഏൽപ്പിച്ചിട്ടാണ് ആഫീസിൽ പോയതെന്നും, ക്യാഷ് പ്രോപ്പർട്ടി രജിസ്റ്ററിൽ ടിയാന്റെ കൈവശം അന്നേരം ഉണ്ടായിരുന്ന ക്യാഷ് എഴുതുകയും, ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാനായി പുറത്തു പോകുന്ന വഴിക്ക് മെഡിക്കൽ സ്റ്റോറിൽ കയറി മരുന്ന് ചോദിച്ചപ്പോൾ സ്റ്റാഫ് ലീവാണെന്നും രണ്ട് ദിവസത്തേയ്ക്ക് തിരുവനന്തപുരത്തേയ്ക്ക് പോകാൻ കഴിയില്ലെന്നും പറഞ്ഞ് പ്രിസ്ക്രിപ്ഷനും ക്യാഷും തിരികെ നൽകിയെന്നും, ടി ക്യാഷ് ടിയാന്റെ പക്കലുണ്ടായിരുന്ന ക്യാഷിനോടു വയ്ക്കുകയും തുടർന്ന് ഉച്ച ഊണിന് 120/- രൂപയും വൈകുന്നേരം ചായയ്ക്ക് 30/- രൂപയും ചെലവായെന്നും, ടി 1000/- രൂപയിൽ 850/- രൂപയാണ് ബാക്കി ഉണ്ടായിരുന്നതെന്നും, രാവിലെ ക്യാഷ് രജിസ്റ്ററിൽ കൈവശം ഉണ്ടായിരുന്ന തുക എഴുതി കഴിഞ്ഞതിനാൽ ടി 850/- രൂപ രജിസ്റ്ററിൽ ചേർത്താൽ ശരിയാകില്ലെന്നു കരുതിയാണ് എഴുതാതിരുന്നതെന്ന് ശ്രീ.മനു ജെ.എസ്. ബോധിപ്പിക്കുകയുണ്ടായി. ടിയാന്റെ സ്വന്തം ക്യാഷായതുകൊണ്ടും വ്യക്തമായ കാരണങ്ങളും കണക്കുകളും ഉള്ളതുകൊണ്ടും ടി തുക ടിയാന്റെ പോക്കറ്റിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതും, വിജിലൻസ് പരിശോധനാവേളയിൽ രജിസ്റ്ററിൽ എഴുതാതിരുന്ന 850/- രൂപയെ സംബന്ധിച്ച് ടിയാൻ വ്യക്തമായി വിശദീകരിച്ചതാണെന്നും ശ്രീ.മനു ജെ.എസ്. ബോധിപ്പിക്കുകയുണ്ടായി.

4) ടി ദിവസം രാവിലെ ഡ്യൂട്ടിയിൽ പ്രവേശിച്ചിരുന്ന ടിയാൻ കൈവശമുണ്ടായിരുന്ന തുക പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നതും ടി തുകകളിൽ ഒരു വിധത്തിലുമുള്ള ക്രമക്കേടുകൾ കണ്ടെത്തുകയോ ആക്ഷേപമുന്നയിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഫീസ് അറ്റൻഡന്റ് ശ്രീ.രാജുകൃഷ്ണൻ കെ.ജെ. ബോധിപ്പിക്കുകയുണ്ടായി. ടിയാന്റെ കൈയിൽ സുഹൃത്തിന് കൊടുക്കുവാൻ വേണ്ടി കൊണ്ടു വന്നിരുന്ന 1000/- രൂപയും കൈവശമുണ്ടായിരുന്ന 3480/- രൂപയും ഉൾപ്പെടെ ആകെ 4480/- രൂപയാണ് ഉണ്ടായിരുന്നതെന്നും, ടി 1000/- രൂപ 12 മണിക്കു മുൻപ് കൈപ്പറ്റുവാൻ വരുമെന്നറിയിച്ചിരുന്നതിനാൽ ക്യാഷ് രജിസ്റ്ററിൽ ചേർക്കാതെ പ്രത്യേകമായി വച്ചിരിക്കുകയായിരുന്നുവെന്നും, എന്നാൽ സുഹൃത്ത് നിശ്ചിത സമയത്ത് വരാതിരിക്കുകയും ടിയാൻ ഉച്ചയ്ക്ക് ഭക്ഷണം കഴിച്ച് ബിൽ തുകയായി 130/- രൂപ നൽകിയത് ടി 1000/- രൂപയിൽ നിന്നാണെന്നും, അതിൽ ബാക്കി 870/- രൂപ കൈവശമുണ്ടായിരുന്ന തുകയോടൊപ്പം ചേർത്തു വയ്ക്കുകയാണുണ്ടായതെന്നും, ടി തുക 4 മണിക്കു മുമ്പായി കൈപ്പറ്റുവാൻ വരുമെന്ന് വീണ്ടും

അറിയിച്ചതു കൊണ്ടും വ്യക്തമായ കാരണവും കണക്കുകളുമുള്ളതു കൊണ്ടും സ്വന്തം ക്യാഷായതു കൊണ്ടുമാണ് ടി അധിക തുക ക്യാഷ് രജിസ്റ്ററിൽ ചേർക്കാതിരുന്നതെന്നും, ടി തുകയാണ് അന്വേഷണത്തിൽ കണ്ടെത്തിയതെന്നും, ടി വസ്തുത അന്വേഷണ ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയിരുന്നുവെന്നും ശ്രീ.രാജുകൃഷ്ണൻ കെ.ജെ. ബോധിപ്പിക്കുകയുണ്ടായി.

5) ക്യാഷ് പ്രോപ്പർട്ടി രജിസ്റ്ററിൽ ഡിക്ലയർ ചെയ്ത തുകയേക്കാൾ യഥാക്രമം 850/-, 870/- രൂപ വീതം അധികമായി ടി ജീവനക്കാരുടെ കൈവശം ഉണ്ടായിരുന്നത് സംബന്ധിച്ച് ടിയാൾക്കാർ സമർപ്പിച്ച വിശദീകരണത്തിന് ഉപോത്ബലകമായി തെളിവുകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി പ്രതിവാദപത്രികകൾ പരിഗണനാർഹമല്ലെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെടുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നതിന് വിരുദ്ധമായി 850/-, 870/- എന്നിങ്ങനെ അധിക തുക കണ്ടെത്തിയ ഹെഡ് ക്ലർക്ക് ശ്രീ.മനു ജെ.എസ്., ഓഫീസ് അറ്റൻഡന്റ് ശ്രീ.രാജുകൃഷ്ണൻ കെ.ജെ. എന്നിവർ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും, വിശദീകരണത്തിന് ഉപോത്ബലകമായി തെളിവുകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതിനാലും, മേലിൽ കൈവശമുള്ള തുക ക്യാഷ് പ്രോപ്പർട്ടി രജിസ്റ്ററിൽ ചേർക്കുന്നതിൽ ജാഗ്രത പുലർത്തണമെന്ന് നിഷ്കർഷിച്ച് ടിയാൾക്കാർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി KCS (CC&A) ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം **"censure"** നൽകി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
ശ്രീ.മനു.ജെ.എസ്., ഹെഡ് ക്ലർക്ക്, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)
ശ്രീ.രാജുകൃഷ്ണൻ.കെ.ജെ., ഓഫീസ് അറ്റന്റന്റ്, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
വിജിലൻസ് (എ) വകുപ്പ് (19/09/2023-ലെ വിജി-എ2/270/2023-വിജിപ്രകാരം.)
വെബ്ബ് & ന്യൂ മീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Praneesh M P
Date: 10-06-2024 14:52:05
സെക്ഷൻ ഓഫീസർ